കലാഞ്ജലി ബാലസരസ്വതി നൃത്തോത്സവം ഇന്ന്

തിരുവനന്തപുരം: കലാഞ്ജലി ബാലസരസ്വതി നാഷണൽ നൃത്തോത്സവം ഇന്ന് ഭാരത് ഭവനിൽ നടക്കും. പരിപാടിയുടെ സമാപന ചടങ്ങ് വൈകിട്ട് 6.30ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. സായൂജ്യ സാംസ്കാരിക സംഘടന ഡയറക്ടർ ലക്ഷ്മി വിനോദ് സ്വാഗതവും കലാഞ്ജലി ഫൗണ്ടേഷൻ ഡയറക്ടർ സൗമ്യ സുകുമാരൻ അധ്യക്ഷ പ്രസംഗവും നിർവഹിക്കും. വെൽത്ത് I ഗ്രൂപ്പ് സിഇഒ വെങ്കിടേഷ് വിജയകുമാർ, ഭരതനാട്യ നർത്തകൻ കലാക്ഷേത്ര സുദർശനൻ, ഭരതനാട്യ നർത്തകി മഞ്ജു വി. നായർ എന്നിവർ പങ്കെടുക്കും. ദീപാ നാഗരാജൻ നന്ദിയും പറയും.

കേസരി-എസ്.എൽ.ശ്യാം ക്രിക്കറ്റ് ടൂർണമെന്റ് ഇന്ന് സമാപിക്കും

തിരുവനന്തപുരം: കേരള പത്ര പ്രവർത്തക യൂണിയൻ ജില്ലാ കമ്മിറ്റിയും കേസരി സ്മാരക ജേർണലിസ്റ്റ് ട്രസ്റ്റും ചേർന്നു സംഘടിപ്പിക്കുന്ന കേസരി- എസ്.എൽ.ശ്യാം ക്രിക്കറ്റ് ടൂർണമെന്റ് സീസൺ- 2 ഇന്നു സമാപിക്കും. സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ 8.30ന് വനിതാ ക്രിക്കറ്റ് ലീഗ് മത്സരങ്ങൾ ബെവ്കോ സിഎംഡി ഹർഷിത അട്ടല്ലൂരി ഉദ്ഘാടനം ചെയ്യും. കേരള ക്രിക്കറ്റ് അസോസിയേഷൻ സിഇഒ മിനു ചിദംബരം മുഖ്യാതിഥിയാകും.

വൈകിട്ട് 5.30നു നടക്കുന്ന സമാപന സമ്മേളനം മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. എക്സൈസ് കമ്മിഷണർ മഹിപാൽ യാദവ് മുഖ്യാതിഥിയാകും. മാതൃഭൂമി ന്യൂസ്, ദേശാഭിമാനി, ന്യൂസ് 18 കേരള, ജയ്ഹിന്ദ് ടിവി തുടങ്ങിയ ടീമുകളാണ് സെമി ഫൈനലിൽ എത്തിയത്. സെമി ഫൈനൽ, ഫൈനൽ മത്സരങ്ങളും വനിതാ ക്രിക്കറ്റ് ലീഗ് മത്സരങ്ങളും ഇന്നു രാവിലെ മുതൽ നടക്കും. ഉച്ചയ്ക്കു ശേഷം എക്സൈസ് വകുപ്പിലെയും ടെക്നോപാർക്കിലെ ജീവനക്കാരുടെ സംഘടനയായ പ്രതിധ്വനിയിലെയും ടീമുകളും മാധ്യമപ്രവർത്തകരുടെ ടീമുകളും തമ്മിൽ സൗഹൃദ മത്സരവും അരങ്ങേറും. ലഹരിക്ക് എതിരെ കായികലഹരി എന്ന സന്ദേശവുമായാണു ടൂർണമെന്റ് സംഘടിപ്പിക്കുന്നത്.

ദണ്ഡിയാത്ര പുനരാവിഷ്ക്കാരം

നെടുമങ്ങാട്: ഗുജറാത്തിലെ സബർമതിയിൽ കടൽ വെള്ളം ശേഖരിച്ച് ഉപ്പുണ്ടാക്കി സാമ്രാജ്യ ശക്തികളെ വിറപ്പിച്ച ദണ്ഡിയാത്രയുടെയും ഉപ്പുസത്യാഗ്രഹത്തിന്റെയും 95-ാം വാർഷിക സ്മരണ പുതുക്കി കെപിസിസി ഗാന്ധി ദർശൻ സമിതി ദണ്ഡി യാത്ര പുനരാവിഷ്കാരം നടത്തി. കാൽനടയായി 78 ഗാന്ധിദർശൻ പ്രവർത്തകർ പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും ശംഖുമുഖം കടപ്പുറത്ത് എത്തിച്ചേർന്നു. യാത്രയ്ക്കു മുൻപ് യോദ്ധാക്കളുടെ സ്മൃതി മണ്ഡപത്തിനു മുമ്പിൽ പ്രതീകാത്മക ഗാന്ധിയായി ആറ്റുകാൽ കാർത്തികേയൻ തമ്പി അണിഞ്ഞൊരുങ്ങി.

ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ്

തിരുവനന്തപുരം: സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ സിറ്റിംഗ് 16ന് രാവിലെ 11 മണിക്ക് ശാസ്തമംഗലത്തെ കമ്മീഷന്റെ ഓഫീസിലെ കോർട്ട് ഹാളിൽ നടക്കും. കമ്മീഷൻ ചെയർമാൻ എ.എ. റഷീദ് ഹർജികൾ പരിഗണിക്കും. സിറ്റിംഗിൽ നിലവിലുള്ള പരാതികൾ പരിഗണിക്കുന്നതിനോടൊപ്പം പുതിയ പരാതികളും സ്വീകരിക്കും. കമ്മീഷന്റെ 9746515133 എന്ന വാട്ട്സ്ആപ്പിലേക്കും പരാതികൾ അയക്കാവുന്നതാണ്.

താക്കോൽ ദാനം

തിരുവനന്തപുരം: സേവാശക്തി ഫൗണ്ടേഷൻ സുരക്ഷിത ഭവനം പദ്ധതിയുടെ ഭാഗമായി വിതുര തെന്നൂർ വനമേഖലയിലെ ഷീബയ്ക്കും മക്കൾക്കും നിർമിച്ചു നൽകിയ വീടിന്റെ താക്കോൽ ദാനം 14ന് രാവിലെ 11.30ന് നടക്കും. ചെയർമാൻ സി. എസ്. മോഹനൻ താക്കോൽ ദാനം നിർവഹിക്കും.

കാരോട് ബൈപ്പാസിൽ ലഹരികടത്ത് സജീവം; പ്രതികളിൽ കൂടുതലും യുവാക്കൾ

തിരുവനന്തപുരം: കഴക്കൂട്ടം-കാരോട് ബൈപ്പാസിൽ ലഹരിക്കടത്ത് സജീവമാകുന്നു. കഴിഞ്ഞ ആറുമാസത്തിനുള്ളിൽ മാത്രം 100 കിലോ കഞ്ചാവും 200 ഗ്രാം എംഡിഎംഎയും ബൈപാസ് വഴി സഞ്ചരിച്ച യാത്രക്കാരിൽ നിന്നു പൊലീസ്, എക്സൈസ് വിഭാഗം പിടികൂടിയിരുന്നു.

ആന്ധ്രാ, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്ന് വാഹനങ്ങളിൽ എത്തിക്കുന്ന എംഡിഎംഎ, കഞ്ചാവ് അടക്കം ലഹരി കേരളത്തിലേക്ക് കടക്കുന്നത് അതിർത്തിയിൽ നിന്നു തലസ്ഥാനത്തേക്ക് എത്തുന്നത് ഇതുവഴിയാണ്. ഇവിടെ ലഹരികടത്തുമായി രജിസ്റ്റർ ചെയ്ത കേസുകളിൽ 19 മുതൽ 25 വയസ് വരെ പ്രായമുള്ളവർ ആണ് കൂടുതലും പ്രതികളായിട്ടുള്ളതെന്ന് എക്സൈസ് സംഘം ചൂണ്ടിക്കാട്ടി.

ഒന്നര മാസം മുൻപ് ബൈപാസിൽ പൊലീസിന്റെ റൂറൽ ഡാൻസാഫ് സംഘം രണ്ട് യുവാക്കളിൽ നിന്ന് 50 ഗ്രാം എംഡിഎംഎ പിടികൂടിയിരുന്നു. അന്വേഷണത്തിൽ ഇവരെ കടത്തിനു നിയോഗിച്ച പൂന്തുറ സ്വദേശിയെ കുറിച്ച് വിവരം ലഭിച്ചതോടെ തമിഴ്നാട്ടിലേക്ക് ഒളിവിൽ പോയ പ്രതിയെ ദിവസങ്ങൾക്ക് ശേഷം പൊലീസ് പിടികൂടിയിരുന്നു. മാസങ്ങൾക്ക് മുൻപ് ബൈപാസിലെ തിരുപുറം ഭാഗത്ത് റോഡ് വശത്ത് പാർക്ക് ചെയ്തിരുന്ന ആഡംബര കാറിനുള്ളിൽ നിന്നും എംഡിഎംഎയുമായി മൂന്നുപേരെ പൂവാർ പൊലീസ് പിടികൂടുകയും ചെയ്തിരുന്നു.

ലഹരി കേസുകളിൽ കൂടുതലും പിടിയിലാകുന്നത് വിതരണക്കാർ ആണെന്ന് എക്സൈസ് ഉദ്യോഗസ്ഥർ തന്നെ പറയുന്നു. ശക്തമായ തെളിവുകളുടെ അഭാവം മൂലം യഥാർഥ പ്രതികളിലേക്ക് എത്താൻ പല കേസുകളിലും കഴിയാറില്ലെന്നും ഉദ്യോഗസ്ഥർ പറയുന്നു.

വിൽപനയ്ക്കൊപ്പം ലഹരി ഉപയോഗിക്കാനും ഒട്ടേറെ പേർ ബൈപാസിൽ എത്തുന്നതായി പ്രദേശവാസികൾ പറയുന്നു. രാത്രി എട്ടു മണി കഴിഞ്ഞാൽ ബൈപാസിലെ വിജനമായ പല സ്ഥലങ്ങളിലും ലഹരി വിൽപന സജീവമാണ്. അതിർത്തിയിൽ പ്രവർത്തിക്കുന്ന കോളെജുകളിലെ വിദ്യാർഥികൾ മുതൽ നഗരത്തിൽ നിന്നു വരെ ലഹരി ഉൽപന്നങ്ങൾ എത്തുന്നതായുള്ള വിരങ്ങളും എക്സൈസിന് ലഭിച്ചിട്ടുണ്ട്.

അടുപ്പുകൂട്ടി പ്രതിഷേധം ജില്ലാ ജോയിന്റ് കൺവീനർ ഷിനി പുങ്കുംമൂട് ഉദ്ഘാടനം ചെയ്യുന്നു.

പാചക വാതക വിലവർധന; അടുപ്പുകൂട്ടി പ്രതിഷേധം

നെടുമങ്ങാട്: പാചക വാതക വിലവർധനവിനെതിരെ കർഷക തൊഴിലാളി യൂണിയൻ വനിതാ സബ് കമ്മിറ്റിയുടെ നേതൃത്വത്തിൽ അടുപ്പുകൂട്ടി സമരം സംഘടിപ്പിച്ചു. കൊഞ്ചിറ, തേക്കട കേന്ദ്രങ്ങളിൽ നടന്ന പ്രതിഷേധം ജില്ലാ ജോയിന്റ് കൺവീനർ ഷിനി പുങ്കുംമൂട് ഉദ്ഘാടനം ചെയ്തു. എൻ ശ്രീകല, നദീറ, നജ്മ, സുമ, ലാലി, മണ്ഡലം, ബ്ലോക്ക് ഭാരവാഹികൾ നേതൃത്വം നൽകി.

വഖഫ് സംരക്ഷണ റാലി വിജയിപ്പിക്കും; മുസ്ലിം ലീഗ്

നെടുമങ്ങാട്: കേന്ദ്ര സർക്കാർ നടപ്പിലാക്കിയ വഖഫ് ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് 16ന് മുസ്ലിം ലീഗ് സംസ്ഥാന കമ്മിറ്റി കോഴിക്കോട് കടപ്പുറത്ത് സംഘടിപ്പിച്ചിരിക്കുന്ന വഖഫ് സംരക്ഷണ റാലി വൻ വിജയമാക്കുന്നതിന് മുസ്ലിം ലീഗ് നിയോജകമണ്ഡലം സ്പെഷ്യൽ കൺവെൻഷൻ തീരുമാനിച്ചു. പോത്തൻകോട് റാഫിയുടെ അധ്യക്ഷതയിൽ കൂടിയ കൺവെൻഷൻ മുസ്ലിംലീഗ് സംസ്ഥാന പ്രവർത്തക സമിതി അംഗം കണിയാപുരം ഹലീം ഉദ്ഘാടനം ചെയ്തു. കന്യാകുളങ്ങര ഷാജഹാൻ, എസ്എഫ്എസ്എ തങ്ങൾ, അലികുഞ്ഞ് ഹാജി, നെടുമങ്ങാട് എം. നസീർ, പുലിപ്പാറ യൂസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

ക്ഷേത്രോത്സവങ്ങൾ; മദ്യനിരോധിത മേഖലയാക്കി

കൊല്ലം: മുഖത്തല ശ്രീകൃഷ്ണ സ്വാമി ക്ഷേത്രോത്സവത്തോടനുബന്ധിച്ച് 18ന് ക്ഷേത്രവും രണ്ട് കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളും ഉത്സവ, മദ്യനിരോധിത മേഖലയായി പ്രഖ്യാപിച്ചു.

ചവറ തെക്കുംഭാഗം മേജർ ശ്രീ പനയ്ക്കറ്റോടിൽ ഭഗവതി ക്ഷേത്രത്തിലെ താലപ്പൊലി ഘോഷയാത്രയോടനുബന്ധിച്ച് 28ന് ക്ഷേത്രവും രണ്ട് കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളും മദ്യനിരോധിത മേഖലയായി ജില്ലാ കലക്ടർ പ്രഖ്യാപിച്ചു.

ദളിത് കോൺഗ്രസ്

ചെങ്കൽ: ദളിത് കോൺഗ്രസ് ചെങ്കൽ ബ്ലോക്ക് കമ്മിറ്റി രൂപീകരണ യോഗം കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് ഭുവനചന്ദ്രൻ നായർ ഉദ്ഘാടനം ചെയ്തു. പ്രമുഖ നേതാക്കൾ പങ്കെടുത്തു.

വാളകം സ്മാർട്ട് വില്ലേജ് ഓഫീസ് പുതിയ മന്ദിരം ഉദ്ഘാടനം ചെയ്തു

കൊട്ടാരക്കര: വാളകം വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാകുന്നതിന്റെ ഭാഗമായി നിർമിച്ച പുതിയ ബഹുനില മന്ദിരം മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു. മന്ത്രി കെ. എൻ. ബാലഗോപാൽ അധ്യക്ഷനായി. ജില്ലാ കലക്ടർ എൻ. ദേവീദാസ് സ്വാഗതം പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. കെ. ഗോപൻ, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. രഞ്ജിത്ത്, ഉമ്മന്നൂർ പഞ്ചായത്ത് പ്രസിഡന്റ് ഷീബാ ചെല്ലപ്പൻ, ജില്ലാ പഞ്ചായത്തംഗം ബ്രിജേഷ് എബ്രഹാം, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ ബെൻസി റെജി, ബ്ലോക്ക് പഞ്ചായത്തംഗം കെ. എം. റെജി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്. സുജാതൻ, പഞ്ചായത്തംഗങ്ങളായ അനീഷ് മംഗലത്ത്, കെ. അജിത, അംബികാദേവി, പ്രിയ ആസ്തികൻ, എഡിഎം ജി. നിർമൽകുമാർ, ആർഡിഒ ജി. സുരേഷ്ബാബു, തഹസിൽദാർ ജി. മോഹനകുമാരൻ നായർ, ഭൂരേഖ തഹസിൽദാർ ജി. വിജയകുമാർ, സിപിഎം ഏരിയാ സെക്രട്ടറി പി. കെ. ജോൺസൺ, ലോക്കൽ സെക്രട്ടറി കെ. പ്രതാപ്കുമാർ, വി. ദിലീപ് കുമാർ, കെ. കെ. അലക്സാണ്ടർ, അലക്സ് മാമ്പുഴ, ബി. ശ്രീകുമാർ, സാം കെ. എബ്രഹാം എന്നിവർ സംസാരിച്ചു. കൊട്ടാരക്കര എംഎൽഎയും ധനകാര്യ മന്ത്രിയുമായ കെ. എൻ. ബാലഗോപാലാണ് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമിക്കാർ 50 ലക്ഷവും, ഓഫീസ് ഫർണിഷിംഗിന് 4 ലക്ഷവും സൈഡ് കെട്ട്, മുറ്റന്റർലോക്ക് പാകൽ, മതിൽ നിർമ്മാണം എന്നിവയ്ക്കായി 6 ലക്ഷവും ഉൾപ്പെടെ 60 ലക്ഷം രൂപ അനുവദിച്ചത്.

വാളകം സ്മാർട്ട് വില്ലേജ് ഓഫീസിന്റെ പുതിയ ബഹുനില മന്ദിരം റവന്യൂ മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി കെ.എൻ. ബാലഗോപാൽ സമീപം.

1950 ചതുരശ്ര അടി വിസ്തീർണത്തിലാണ് ഭിന്നശേഷി സൗഹൃദ വില്ലേജ് ഓഫീസ് രീതിയിലുള്ള ബഹുനില മന്ദിരത്തിന്റെ നിർമാണം പൂർത്തിയായത്.

താഴത്തെ നിലയിൽ വില്ലേജ് ഓഫീസറുടെയും ജീവനക്കാരുടെയും ഓഫീസ് മുറികൾ, പൊതുജനങ്ങൾ ക്കുള്ള വിശ്രമമുറി, ഭിന്നശേഷിക്കാർക്കുള്ള ശുചി മുറിയുൾപ്പെടെ 3 ടൊയ്‌ലറ്റുകൾ, മുകൾ നിലയിൽ റെക്കോർഡ് റൂം, മീറ്റിംഗ് ഹാൾ, ബാൽക്കണി റൂമുകൾ, ശുചിമുറികൾ എന്നിവയാണ് സജ്ജമാക്കിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിനായിരുന്നു നിർമാണ ചുമതല.

മരാമത്ത് വകുപ്പ് ഏറ്റെടുത്ത് പാത നവീകരിക്കണം

പുനലൂർ: മലയോര ഹൈവേയിലെ ഏഴംകുളത്ത് നിന്ന് ആദിവാസി മേഖല ഉൾപ്പെടുന്ന കടമാൻക്കോട്ടേക്കുള്ള പാത മരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കണമെന്ന ആവശ്യത്തിന് പരിഹാരം കണ്ടെത്തണം. ജില്ലാ പഞ്ചായത്ത് റോഡിന്റെ രണ്ട് കിലോമീറ്റർ ദൂരം പഞ്ചായത്ത് 47 ലക്ഷം രൂപ മുടക്കി പണിതെങ്കിലും റോഡ് സഞ്ചാരയോഗ്യമല്ലാതായി. തകർന്ന ഭാഗം ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ നവീകരിക്കും എന്ന പ്രഖ്യാപനം മാത്രമാണ് ഉള്ളത്. ഒരു ഘട്ടമായി പാത പൂർണമായും നവീകരിക്കാൻ മരാമത്ത് ഏറ്റെടുത്താൽ പ്രശ്നത്തിന് പരിഹാരമാകും. എംഎൽഎ മുതൽ പ്രധാനമന്ത്രി വരെയുള്ളവർക്ക് മേഖലയുടെ അവസ്ഥ ചൂണ്ടികാട്ടി നിവേദനം നൽകിയിട്ടും നടപടിയുണ്ടായില്ലെന്ന് പഞ്ചായത്ത് അംഗം പി.ആർ. സന്തോഷ് കുമാർ പറഞ്ഞു.

വിളംബര ജാഥയുടെ ഉദ്ഘാടനം നഗരസഭാ കൗൺസിലർ പനിയടിമ ജോൺ നിർവ്വഹിക്കുന്നു.

വിളംബര ജാഥയും നാടകവും

വിഴിഞ്ഞം: പനത്തുറ മുതൽ മുല്ലൂർ വരെ ശുചിത്വ സാഗരം സുന്ദര തീരം വിളംബരജാഥയും തെരുവുനാടകവും നടത്തി.

തീരവും കടലും പ്ലാസ്റ്റിക് മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഏകദിന പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം കേരള തീരത്ത് 590 കിലോമീറ്റർ ദൂരത്തിൽ കേരള ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നതിന്റെ ഭാഗമായാണ് വിളംബരജാഥയും തെരുവ് നാടകവും നടത്തിയത്. വിളംബരജാഥയുടെ ഉദ്ഘാടനം കോട്ടപ്പുറം കൗൺസിലർ പനിയടിമ ജോൺ നിർവഹിച്ചു.

വിഴിഞ്ഞം ഹാർബർ വാർഡ് കൗൺസിലർ നിസാമുദ്ദീൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ഫാഗത് റൂഫസ്, കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ നെയ്യാറ്റിൻകര താലൂക്ക് സെക്രട്ടറി അടിമലത്തുറ ഡി. ക്രിസ്തുദാസ്, വിഴിഞ്ഞം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ജി. ദീപ, ഫിഷറീസ് അസിസ്റ്റന്റ് റക്കിബ്, ഫിഷറീസ്ക്ഷേമനിധി ഓഫീസർ രേഖ, മത്സ്യഫെഡ് ഓഫീസർ സ്മിത എന്നിവർ പ്രസംഗിച്ചു.

സൂപ്പർഫുഡ് ഉൽപ്പന്നങ്ങൾ വിപണിയിലേക്ക്

തിരുവനന്തപുരം: ബ്രാൻഡഡ് ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ ഇന്ത്യയിലെ മുൻനിരയിലുള്ള തെനാലി ഡബ്ൾ ഹോഴ്സ് ഗ്രൂപ്പ്, മില്ലറ്റ് അധിഷ്ഠിത പുതിയ ഉൽപ്പന്ന ശ്രേണിയായ മില്ലറ്റ് മാർവൽസ് വിപണിയിൽ അവതരിപ്പിച്ചു. ഹൈദരാബാദിലെ പാർക്ക് ഹയാന്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ അപ്പോളോ ഹോസ്പിറ്റൽസ് ഗ്രൂപ്പിന്റെ ജോയിന്റ് മാനേജിങ് ഡയറക്ടർ ഡോ. സംഗീത റെഡ്ഡി ഗാരുവാണ് പുതിയ സംരംഭം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. ആരോഗ്യസൗഹൃദ ഭക്ഷണശീലങ്ങൾ പാലിക്കുന്ന ഉപഭോക്താക്കളെ ലക്ഷ്യമിടുന്ന ശ്രേണിയിൽ, ധാന്യങ്ങൾ, നൂഡിൽസ്, കുക്കികൾ, റെഡി-ടു-കുക്ക് ഭക്ഷണങ്ങൾ ഉൾപ്പെടുന്ന 18 ഉൽപ്പന്നങ്ങളാണ് ആദ്യഘട്ടത്തിൽ വിപണിയിലെത്തുന്നത്.

യുഎഇ എമിറേറ്റ്സിലേക്ക് പഠന പര്യടനത്തിന് പുറപ്പെട്ട കരിക്കം ഇന്റർനാഷണൽ പബ്ലിക് സ്കൂൾ ടീം.

വിദ്യാർഥികൾ പഠന പര്യടനവുമായി യുഎഇ എമിരേറ്റ്സിൽ

കൊട്ടാരക്കര: ലോക സ്കൂൾ ഉച്ചകോടിയിൽ ബെസ്റ്റ് ഓൾ റൗണ്ടർ സ്കൂളായി തെരഞ്ഞെടുക്കപ്പെട്ട കരിക്കം ഇന്റർനാഷനൽ പബ്ലിക് സ്കൂൾ(കിപ്സ്) വിദ്യാർഥി പ്രതിനിധികൾ പത്തു ദിവസത്തെ പഠന പര്യടനത്തിനായി ഷാർജയിൽ എത്തി.

ഷാർജയിലെ സ്കൂളുകളിലെ പഠനത്തിനും പഠന മികവ് അവതരണത്തിനും പുറമെ യുഎഇയിലെ ഏഴു എമിരേറ്റ്സുകളിലെയും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളും സംഘം സന്ദർശിച്ചു മേഖലയിലെ വിദ്യാർത്ഥികൾ, അധ്യാപകർ, വിദ്യാഭ്യാസ വിദഗ്ധർ എന്നിവരുമായും സംവദിക്കും.

ഷാർജ എമിരേറ്റ്സ് നാഷണൽ സ്കൂൾ ഡയറക്ടർ രവി തോമസിന്റെ ക്ഷണ പ്രകാരമാണ് യാത്ര. കിപ്സിലെ വിദ്യാർത്ഥികൾ ഇത്തരത്തിലുള്ള അന്താരാഷ്ട്ര പഠന യാത്രാ പരിപാടിയിൽ സംബന്ധിക്കുന്നത് ആദ്യമായാണ്. വരുംവർഷങ്ങളിലും രാജ്യാന്തര പഠന പരിപാടികൾ തുടരുമെന്ന് ഭാരവാഹികൾ പറഞ്ഞു.

കിപ്സ് ചെയർമാൻ ഡോ. ഏബ്രഹാം കരിക്കം, വൈ. തങ്കച്ചൻ, ജെഫ്ന സാജൻ, ജെസ്സിൻ ഹന്നാ റോയ്, ഹന്നാ സാജൻ, ജോഹിൻ ജിജു, നന്ദ കിഷോർ, ടെയിവിക് ആൻസൺ തോമസ്, എയ്താൻ ജോർജ് സാം, റോസമ്മ തങ്കച്ചൻ, ആൻമേരി ഏബ്രഹാം എന്നിവരാണ് പങ്കെടുക്കുന്നത്.

വിഴിഞ്ഞം തുറമുഖം കാണാനെത്തി ബഡ്സ് സ്കൂളിലെ കുട്ടികൾ

നെയ്യാറ്റിൻകര: വിഴിഞ്ഞം തുറമുഖം കാണാൻ ഭിന്നശേഷി കുട്ടികൾ ഒത്ത് ചേർന്നു. പെരുങ്കടവിള പഞ്ചായത്ത് ബഡ്സ് സ്കൂളിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പഠന വിനോദ യാത്ര കുട്ടികൾക്കു കൗതുകമായി. പഞ്ചായത്ത് പ്രദേശത്തെ 58 ഭിന്ന ശേഷിക്കുട്ടികൾ പഠിക്കുന്ന ബഡ്സ് സ്കൂളിലെ 25 കുട്ടികളും, രക്ഷകർത്താക്കളും യാത്രയിൽ ഉണ്ടായിരുന്നു.

അന്താരാഷ്ട്ര വിഴിഞ്ഞം തുറമുഖകവാടവും ചരക്ക് കപ്പലുകളും ആർത്തലക്കുന്നതിരമാലകളും നീണ്ട് പരന്ന് കിടക്കുന്ന മണൽ പരപ്പുകളും തണുത്ത ഇളങ്ങാറ്റുകളും അവരുടെ മനസിൽ ഉണ്ടാക്കിയ സന്തോഷം ആഗ്യത്തിലൂടെയും മുഖഭാവത്തിലൂടെയും ആ സ്വദിച്ച നിമിഷങ്ങൾ. ശബ്ദം മുഖം ബിച്ചും, ട്രയിൻ യാത്രയും ബോട്ടിംഗും കിഴക്കേകോട്ടയിലെ മെഴുക് പ്രതിമ അവിടെന്ന് ടബിൾ ഡക്കർ ബസിലെ നഗരകാഴ്ചയും ശംഖുമുഖം ബീച്ചും, പള്ളിച്ചൽഫാം ഹൗസും കണ്ടാണ് ഒരു ദിവസത്തെയാത്ര.

പെരുങ്കടവിള ബഡ്സ് സ്കൂളിലെ കുട്ടികൾ വിഴിഞ്ഞം തുറമുഖം കാണാനെത്തിയപ്പോൾ.

ബഡ്സ് സ്കൂൾ അധ്യാപിക എസ്. സിമി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്. ബിന്ദു, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കാനക്കോട് ബാലരാജ്, പഞ്ചായത്ത് അംഗങ്ങളായ സ്നേഹലത, ധന്യ പി. നായർ, വിമല, മിനി പ്രസാദ്, വി.എ. സചിത്ര, പഞ്ചായത്ത് സെക്രട്ടറി ജഗഥമ്മ എന്നിവർ നേതൃത്വം നൽകി.

ലഹരി വിരുദ്ധ നാട്ടുകൂട്ടം ശ്രദ്ധേയമായി

കരുനാഗപ്പള്ളി: കേരള യൂത്ത് പ്രമോഷൻ കൗൺസിലും സബർമതി ഗ്രന്ഥശാലയും സംയുക്തമായി സംഘടിപ്പിക്കുന്ന മാമ്പഴക്കാലം അവധിക്കാല സർഗാത്മക ക്യാമ്പിന്റെ ഭാഗമായി കെഎസ്ആർടിസി പരിസരത്ത് കുട്ടികൾ ഒരുക്കിയ ലഹരിവിരുദ്ധ നാട്ടുകൂട്ടം ശ്രദ്ധേയമായി. ജീവിതമാണ് ലഹരി എന്ന സന്ദേശവുമായി നടന്ന ക്യാമ്പയിൻ കേരള യൂത്ത് പ്രമോഷൻ കൗൺസിൽ സംസ്ഥാന ചെയർമാൻ സുമൻജിത്ത് മിഷ ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ മുദ്രാവാക്യങ്ങൾ പതിച്ച പ്രത്യേകതരം തൊപ്പി ധരിച്ചാണ് കുട്ടികൾ നാട്ടുകൂട്ടത്തിനായി എത്തിയത്. ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ലഘുലേഖകളും കുട്ടികൾ വിതരണം ചെയ്തു. ക്യാമ്പ് കോർഡിനേറ്റർ ജീ. മഞ്ജു കുട്ടൻ അധ്യക്ഷത വഹിച്ചു. കവിയത്രി ദിവ്യാ ദേവകി ലഹരിവിരുദ്ധ സന്ദേശം നൽകി. കേരള യൂത്ത് പ്രമോഷൻ കൗൺസിൽ ജില്ലാ കൺവീനർ അനിൽ സിക, ഭാരവാഹികളായ അരുൺരാജ് എം.ആർ, ആദിത്യാ സന്തോഷ്, അമാനുൽ ഇമ്രാൻ,ഹന എം റസൽ എന്നിവർ നേതൃത്വം നൽകി.

മാമ്പഴക്കാലം അവധിക്കാല ക്യാമ്പിലെ കുട്ടികൾ ഒരുക്കിയ ലഹരി വിരുദ്ധ നാട്ടുകൂട്ടം.

ചുഴലിക്കാറ്റ് മുന്നറിയിപ്പ്; പാഞ്ഞെത്തി ഫയർഫോഴ്സ് സംഘം, അമ്പരന്ന് നാട്ടുകാർ

വിഴിഞ്ഞം: വിഴിഞ്ഞം തീരദേശ റോഡുവഴി ചീറിപ്പാഞ്ഞ് എത്തിയ ഫയർഫോഴ്സ് വാഹനങ്ങൾ കണ്ട് വഴിയാത്രക്കാരടക്കമുള്ളവർ അമ്പരന്നു. സംഭവം എന്താണെന്നറിയാൻ ഏതാനും പേർ വാഹനത്തെ പിൻതുടർന്നു. വിഴിഞ്ഞം പള്ളിമുറ്റത്ത് എത്തിയപ്പോഴാണ് സബ്കളക്ടർ ഒപ്പമുള്ളവർ ചിരി തൂകി നിൽക്കുന്നത് കണ്ടത്.

മോക്ഡ്രിൽ ആണെന്നറിഞ്ഞതോടെയാണ് നാട്ടുകാർക്ക് ആശ്വാസമായത്. വിഴിഞ്ഞത്ത് ചുഴലിക്കാറ്റ് വീശി വൻ അപകടമെന്ന കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ അറിയിപ്പ് ലഭിച്ചതോടെയാണ് ഫയർ ഫോഴ്സ് സംഘം എത്തിയത്. ഇവർക്കൊപ്പം ജില്ലാഭരണകൂട അധികാരികളും ഫയർ ഫോഴ്സിന്റെ പരിശീലനം ലഭിച്ച വോളന്റീയർമാരും ഉണ്ടായിരുന്നു.

മോക് ഡ്രില്ലിൽ പങ്കെടുത്ത സേനയും എൻഡിആർഎഫ് സംഘവും

ഓടികൂടിയവർക്ക് മുന്നിൽ സേന തങ്ങളുടെ രക്ഷാപ്രവർത്തന രീതികൾ ചെയ്തു കാണിച്ചു. കെട്ടിടം തകർന്നാൽ എങ്ങനെ രക്ഷാപ്രവർത്തനം നടത്താം, പ്രാഥമിക ശുശ്രൂഷ തുടങ്ങിയ കാര്യങ്ങൾ മോക്ഡ്രില്ലായി നടത്തി.

ഇതിനിടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ചുഴലിക്കാറ്റ് നാശം വരുത്തിയതായി രണ്ടാമത്തെ മുന്നറിയിപ്പ് ലഭിച്ചതോടെ ഫയർഫോഴ്സ് അങ്ങോട്ടേക്ക് തിരിച്ചു.

തുറമുഖ ഓഫീസിലെത്തിയ ഫയർഫോഴ്സ് രക്ഷാപ്രവർത്തന രീതികൾ, ആസിഡ് വീണാൽ എങ്ങനെ പ്രതിരോധിക്കാം, ഫോം ഉപയോഗിച്ച് തീ നി